# Desabhimani

# 22 August 2018

# Kerala Flood, Sharadakutti, Sara Joseph



ദുരന്തങ്ങളങ്ങനെയാണ്. മനുഷ്യരുടെ എല്ലാ മുഖം മൂടികളും അതഴിച്ചുകളയും.. ഇതാണ് പിണറായി വിജയന്റെ ശരിയായ മുഖം എന്ന് ഈ ദിവസങ്ങളിൽ എപ്പൊഴൊക്കെയോ ഉള്ളിൽത്തട്ടിത്തന്നെ എനിക്കു തോന്നി. എല്ലാവരേയും ചേർത്തു നിർത്തുന്ന ആ മുഖഭാവം അത്രക്ക് ആശ്വാസകരം.
ഭയപ്പെട്ടു തളർന്നു നിൽക്കുന്ന ജനതയോട് തളരരുത് നമ്മളൊന്ന് എന്നു കരുത്തു പകരുന്ന ആ അനായാസ ഭാവം , നിയന്ത്രിതമായ വാക്കുകളിലെ കരുതൽ, മുൻപെതിർത്തവർ പോലും ഇന്ന് പറയുന്നതു കേട്ടു ഈ മുഖ്യമന്ത്രിയെ ഞങ്ങളിഷ്ടപ്പെടുന്നുവെന്ന്.
ഒരു ഗിമ്മിക്കും കാണിക്കാതെ അങ്ങേയറ്റം ലളിതവും സത്യസന്ധവുമായി, കൃത്രിമ നാട്യങ്ങളൊന്നുമില്ലാതെ ഒരു മുഖ്യമന്ത്രി മുൻപെന്നത്തേക്കാൾ പ്രിയങ്കരനായി.

**ശാരദക്കുട്ടി**

പ്രളയ ദുരന്തത്തോടനുബന്ധിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി നടത്തിയ ഓരോ തത്സമയ പ്രക്ഷേപണവും ഒന്നിനൊന്ന് മികച്ചതും സമഗ്രവുമായിരുന്നു. പ്രത്യേകിച്ചും പ്രളയാനന്തര കെടുതികളെ എങ്ങനെയൊക്കെ നേരിടുമെന്നതിനെക്കുറിച്ച് കൂട്ടുത്തരവാദിത്വത്തോടെ ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ.
കേരളം ഒറ്റക്കെട്ടായി നേരിട്ട 'ഈ വിപത്തിൽ സന്നദ്ധ പ്രവർത്തകരായ ഓരോരുത്തരുടെ പങ്കും എടുത്തു പറഞ്ഞ് മലയാളികളുടെ ഐക്യത്തെയും സംസ്കാരത്തെയും ഉയർത്തിപ്പിടിക്കുകയും ഈ മഹാദുരന്തത്തെ നാം അതിജീവിക്കും എന്ന ഉറപ്പ് നല്കി ആശ്വാസവും പ്രതീക്ഷയും ഉയർത്തുകയും ചെയ്ത കേരള മുഖ്യമന്ത്രിക്ക് സ്നേഹാദരങ്ങൾ!

**സാറാ ജോസഫ്**